നം. D3-21991/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 24.07.2018.
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – അംഗപരിമിതരുടെ വ്യക്തിഗത വിവര ശേഖരണം – പോരായ്മകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സംസ്ഥാനതല ഇൻസ്പെക്ഷൻ ടീമിന്റെ ജില്ലാ സന്ദർശനം.

അംഗപരിമിതരുടെ വ്യക്തിഗത വിവര ശേഖരണത്തിന്റെ പുരോഗതി, നിലവാരം എന്നിവ പരിശോധിക്കുന്നതിന് സംസ്ഥാനതല ഇൻസ്പെക്ഷൻ ടീം വിവിധ ജില്ലകൾ സന്ദർശിച്ചിട്ടുണ്ട്. ചില ജില്ലകളിൽ വിവര ശേഖരണം തൃപ്തികരമാണെങ്കിലും ജില്ലാതല ഉദ്യോഗസ്ഥരുടെയും ICDS ഉദ്യോഗസ്ഥരുടെയും കാര്യമായ പരിശോധനയും ഇടപെടലുമില്ലാത്തതിനാൽ വിവര ശേഖരണ പ്രൊഫോർമയിൽ പൂർണ്ണമായ രേഖപ്പെടുത്തൽ വരുത്താത്തതായും യഥാർത്ഥ വിവരങ്ങൾ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വിവര ശേഖരണ ഉദ്യോഗസ്ഥർ വിവര ശേഖരണത്തിനായി നേരിട്ട് ഭവനങ്ങൾ സന്ദർശിക്കാത്തതായും അറിയാൻ സാധിച്ചിട്ടുണ്ട്.

അംഗപരിമിത വ്യക്തിഗത വിവര ശേഖരണത്തിലൂടെ ഓരോ അംഗപരിമിതന്റെയും ആവശ്യങ്ങൾ കണ്ടെത്തുകയാണ് ഉദ്ദേശ ലക്ഷ്യം. പ്രൊഫോർമയിലെ ഐറ്റം നം. VIII, X എന്നിവയിലെ രേഖപ്പെടുത്തലുകൾ വളരെ നിർണ്ണായകമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ടി അംഗപരിമിതന് വേണ്ടിയുള്ള ആനുകൂല്യങ്ങൾ/സേവനങ്ങൾ വകുപ്പുതലത്തിൽ നിശ്ചയിക്കുന്നത്. എന്നാൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ അപാകതയുള്ള ഡാറ്റ പ്രയോജനപ്പെടുത്തി പദ്ധതി ആവിഷ്കരിക്കാനോ വിവര ശേഖരണത്തിനുള്ള തുക അനുവദിക്കാനോ നിർവ്വാഹമില്ല.

ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്ന മാർഗ്ഗ നിർദ്ദേശം പ്രകാരം ആകെ ശേഖരിക്കുന്ന വിവരങ്ങളിൽ പഞ്ചായത്ത് തലത്തിൽ ICDS സൂപ്പർവൈസർമാർ 3% വിവരങ്ങളും, ബ്ലോക്ക് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാർ 1% വിവരങ്ങളും

AN

ജില്ലാ സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടുമാർ 100 Data Forums-ഉം പുന:പരിശോധിക്കുന്നതിന് നിർദ്ദേശിക്കുന്നു.

ടി സാഹചര്യത്തിൽ ഇനി മുതൽ ശേഖരിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്നും നിലവാരമുള്ളതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണമെന്നും നാളിതുവരെ ശേഖരിച്ച വിവരങ്ങൾ പൂർണ്ണമാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിക്കുന്നു. ആയതിനോടൊപ്പം ചുവടെ ചേർത്തിട്ടുള്ള പ്രൊഫോർമ പ്രകാരം വിവര ശേഖരണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN

| ക്രമ നം. | ICDS-ന്റെ പേര് | ആകെ അംഗപരിമിത രുടെ എണ്ണം (Disability (Prov)) | വിവര ശേഖരണം പൂർത്തിയാക്കിയ അംഗപരിമിത രുടെ എണ്ണം | വിവര ശേഖരണം ശതമാനം (ICDS തിരിച്ച്) | സൂപ്പർവൈസർ തലത്തിൽ നടത്തിയ പരിശോധന (എണ്ണം) | ശിശു വികസന പദ്ധതി ഓഫീസർ നടത്തിയ പരിശോധന (എണ്ണം) | ജില്ലാ സാമൂഹ്യനീതി ഓഫീസ് സൂപ്രണ്ട് നടത്തിയ പരിശോധന (എണ്ണം) |
|---|---|---|---|---|---|---|---|
| | | | | | | | |
| | | ആകെ | | | | | |

AN